# ജി എം എൽ പി എസ് പരപ്പനങ്ങാടി

# VISION 2025-26

# HAPPY SCHOOL

## അക്കാദമിക് മാസ്റ്റർ പ്ലാൻ



# സന്തോഷ വിദ്യാലയം

## ആമുഖം

വിദ്യാഭ്യാസം കുട്ടിയുടെ ആന്തരിക ശേഷിയും സാമൂഹിക സാധ്യതകളും വികസിപ്പിക്കുന്ന ഒരു ദീർഘകാല പ്രക്രിയയാണ്. ഇവിടെ കുട്ടികളിൽ ബൗദ്ധിക വികാസം, സർഗാത്മകത ,ഭാവനാശക്തി, ആനന്ദം, സാമൂഹികബോധം എന്നിവ വളർത്തേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിൽ, വിദ്യാർത്ഥികളുടെ ആന്തരിക സന്തോഷത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് പ്രവർത്തിക്കേണ്ടതാണ്.ഇതാണ് "**സന്തോഷ വിദ്യാലയം**" എന്ന ആശയത്തിന്റെ അടിസ്ഥാനതത്വം. സന്തോഷ വിദ്യാലയം കുട്ടികളുടെ ബുദ്ധി-മനോവികസനത്തിനും നല്ല ആശയങ്ങൾക്കും വളരെയധികം പ്രാധാന്യം നൽകുന്നു. കുട്ടികൾക്കും രക്ഷിതാക്കൾക്കും അദ്ധ്യാപർക്കും മനോഹരമായ, സ്നേഹപൂർണ്ണമായ, സമഗ്രമായ വിദ്യാഭ്യാസ പരിസ്ഥിതിയാണ് ഒരുക്കുന്നത്. ജി എം എൽ പി എസ് പരപ്പനങ്ങാടി 2025-26 അധ്യയന വർഷം ബോധപൂർവമായ പ്രവർത്തനങ്ങളിലൂടെ സന്തോഷ വിദ്യാലയം എന്ന മഹത്തായ ആശയം നടപ്പാക്കുകയാണ് .

### ലക്ഷ്യങ്ങൾ

**1. കുട്ടികളുടെ ശാരീരികവും മാനസികവുമായ വികസനം ഉറപ്പ് വരുത്തുക**

**2. സന്തോഷകരമായ ,വൃത്തിയുള്ള പഠനപരിസ്ഥിതി ഒരുക്കുക**

**3. സഹപാഠികളോടും അധ്യാപകരോടും സൗഹൃദപരമായ ബന്ധം വളർത്തുക**

**4. പഠനം-ആരോഗ്യം-ആനന്ദം സംയുക്തമായി കൈകാര്യം ചെയ്യുക**

**5. കുട്ടികളുടെ സ്വാഭാവിക കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുക**

**6 കുട്ടികളുമായും രക്ഷിതാക്കളുമായി സംവദിച്ച് അവരുടെ കുട്ടിയുടെ പരിതസ്ഥിതികൾ മനസ്സിലാക്കി ആവശ്യമായ പിൻതുണ നൽകുക.**

**7.വിനോദങ്ങൾക്ക് ഊന്നൽ നൽകുക.**

**8.ടീം ആയി പ്രവൃത്തിക്കാനുള്ള അവസരം ഒരുക്കുക**

**9.പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പ് വരുത്തുക**

**10.പോസറ്റീവ് ഊർജ്ജം കിട്ടുന്ന സ്ഥലമായി സ്കൂളന്തരീക്ഷം മാറ്റുക.**

# <u>സന്തോഷ വിദ്യാലയത്തിലേക്ക് ....</u>

## <u>യൂണിഫോം</u>

സ്കൂളിൻ്റെ പൊതുവായ അച്ചടക്കത്തെ ഒറ്റനോട്ടത്തിൽ വിലയിരുത്തുന്നത് കുട്ടികൾ ധരിക്കുന്ന യൂണിഫോമിലൂടെയാണ് .കൃത്യമായ ഒരു ഐക്യമുണ്ടാകും എന്നതുകൊണ്ട് തന്നെയാണ് യൂണിഫോം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

സ്കൂളിൽ നിലവിൽ ഗവൺമെൻറ് വിതരണം ചെയ്യുന്ന ഖാദി യൂണിഫോം ആണ് തുടർന്നു പോകുന്നത്.

ഈ അധ്യയന വർഷം മുതൽ യൂണിഫോമിന്റെ നിറത്തിൽ മാറ്റം വരുത്തുന്നുണ്ട്.

നിറത്തിൽ വരുന്ന മാറ്റത്തോടൊപ്പം തന്നെ യൂണിഫോമും ആയി ബന്ധപ്പെട്ട ചില നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു

### <u>നിർദ്ദേശങ്ങൾ</u>

- ആൺകുട്ടികൾക്ക് പാൻറ് ,ഷർട്ട് തുടരുന്നു.
- സ്കൂൾ ബെൽറ്റ് ധരിച്ച് ഷർട്ട് ഇൻസൈഡ് ചെയ്തിരിക്കണം.
- ഒന്നു മുതൽ നാലു വരെ ക്ലാസിലുള്ള പെൺകുട്ടികൾക്ക് ഷർട്ട്, ഫ്രോക്ക്, എന്നിവ നിർബന്ധമാക്കി .
- മാതൃക മുൻകൂട്ടി രക്ഷിതാക്കൾക്ക് നൽകും.
- പെൺകുട്ടികൾ ചുരിദാർ ധരിക്കരുത്.
- പെൺകുട്ടികളും ബെൽറ്റ് ധരിക്കണം.
- ഫ്രോക്ക് ഇറക്കത്തിൽ തയ്പ്പിക്കണം
- ബാഡ്ജ് -ആൺകുട്ടികൾ - ഷർട്ടിന്റെ മുൻവശവും പോക്കറ്റിൽ
- പെൺകുട്ടികൾ ഫ്രോക്കിന്റെ മുൻവശവും ബാഡ്ജ് തയിപ്പിക്കുക.
- രണ്ട് സെറ്റ് തട്ടം സ്കൂളിൽ നിന്ന് വിതരണം ചെയ്യും.
- അത് രക്ഷിതാക്കൾ വാങ്ങിക്കേണ്ടതാണ്.
- ഈ വർഷം മുതൽ ഐഡി കാർഡ് നടപ്പിലാക്കും.
- കറുപ്പ് ഷൂസ് , ചെരുപ്പ് എന്നിവ ധരിക്കാവുന്നതാണ്.

<u>യൂണിഫോം ആയി ബന്ധപ്പെട്ട് രക്ഷിക്കൾക്ക് നൽകുന്ന നിർദ്ദേശങ്ങൾ</u>

- കൃത്യമായി യൂണിഫോം ധരിപ്പിച്ച ശേഷം മാത്രം കുട്ടികളെ സ്കൂളിലേക്ക് പറഞ്ഞു വിടാവൂ
- അലക്കി വൃത്തിയാക്കിയ യൂണിഫോം അയൺ ചെയ്തതിന് ശേഷം മാത്രം കുട്ടികൾ ധരിപ്പിക്കുക.
- സ്കൂൾ വിട്ടുവന്നാൽ യൂണിഫോം അഴിച്ച് വച്ചതിന് ശേഷമേ കുട്ടികൾ മറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുക.

ചാർജ് :ഉഷസ്സ് ടീച്ചർ ,ഷാജു മാസ്റ്റർ

## സ്കൂൾ അസംബ്ലി

നിലവിൽ സ്കൂൾ അസംബ്ലി നടത്തുന്നതിൽ സംതൃപ്തരാണ്.
എങ്കിലും കുട്ടികൾക്ക് സന്തോഷം പകരുന്ന ചില കാര്യങ്ങൾ കൂടി അസംബ്ലിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നു.

- അസംബ്ലി സമയം നിലവിലുള്ളത് തുടരും (10 :20 എഎം മുതൽ 10: 30 എ എം വരെ)
- 10 മിനിറ്റിൽ അസംബ്ലി അവസാനിപ്പിക്കും
- കുട്ടികൾ അസംബ്ലിയിൽ വരുന്നതും പോകുന്നതും ക്രമീകരിക്കുക
- കുട്ടികളെ ഉയരത്തിൻ്റെ അടിസ്ഥാനത്തിൽ ക്രമമായി ഇടവിട്ട് കുട്ടികളെ നിർത്തി നിർത്തുക

**ചാർജ് : ഷാജു മാസ്റ്റർ**

- വൈകി വരുന്നവർ പുറകിൽ മറ്റൊരു ലൈൻ ആയി അസംബ്ലിയിൽ നിൽക്കണം.
- പുതിയ രണ്ടു വിസിൽ വാങ്ങിക്കണം
- അസംബ്ലിയിലെ ചടങ്ങുകൾ നിലവിലുള്ളത് തുടരും
- ആഴ്ചയിൽ രണ്ടുദിവസം തിങ്കൾ, വ്യാഴം എന്നീ ദിവസങ്ങളിൽ അസംബ്ലി കൂടും

### അസംബ്ലിയിലെ ഇനങ്ങൾ

- ക്ലാസ് ഓർഡർ
- സ്കൂൾ ഓർഡർ
- പ്രാർത്ഥന
- പ്രതിജ്ഞ
- എക്സർസൈസ്
- പത്രവാർത്ത
- കൾച്ചറൽ ആക്ടിവിറ്റി (ഇംഗ്ലീഷിന് ഒരു ഇനം )
- അസംബ്ലി അറിയിപ്പുകൾ

## അച്ചടക്കം

അച്ചടക്കമുള്ള ഒരു സമൂഹത്തെ വളർത്തിയെടുക്കുക എന്നത് സ്കൂൾ വിദ്യാഭ്യാസത്തിൻ്റെ പ്രഥമ ലക്ഷ്യം. അച്ചടക്കം ക്ലാസിൽ, വിദ്യാലയങ്ങളിൽ പൊതു ഇടങ്ങളിൽ എന്നിവ ഉറപ്പുവരുത്തേണ്ടത് അധ്യാപകന്റെ കടമയാണ് .സ്വയം നിയന്ത്രിത അച്ചടക്കത്തിന് ഊന്നൽ നൽകുകയാണ് പ്രധാന ഉദ്ദേശ്യം.
സ്കൂളിന്റെ അച്ചടക്കത്തിൽ സംതൃപ്തിയുണ്ട്.എങ്കിലും അച്ചടക്കത്തിൽ ചില നിർദ്ദേശങ്ങൾ കുട്ടികൾക്കു കുട്ടികൾക്കു കുട്ടികൾക്കു മുന്നിൽ വയ്ക്കുന്നു.

- അധ്യാപകരെ ആദ്യം കണ്ടാൽ കുട്ടികൾ ഗുഡ്മോണിങ് പറയേണ്ടതാണ്.
- അധ്യയന സമയത്ത് ക്ലാസ്സ് ലീഡർ മാത്രം പുറത്തിറങ്ങുന്ന ഒരു ഒരു രീതി ഉണ്ടാക്കേണ്ടതുണ്ട്
- അച്ചടക്കം നിയന്ത്രിക്കാൻ ക്ലാസിലെ മുഴുവൻ കുട്ടികളും ഉൾപ്പെടുന്ന 'കുട്ടികളെ 5 ഗ്രൂപ്പാക്കുന്നു.ഓരോ ഗ്രൂപ്പും നിശ്ചിത ദിവസത്തിലെ ക്ലാസ് റൂം അച്ചടക്കം, ശുചിത്വം എന്നിവ ഉറപ്പ് വരുത്തുന്നു.
- അച്ചടക്കത്തെ കുറിച്ചുള്ള പൊതുവായ അറിയിപ്പ് കുട്ടികൾക്ക് നൽകുകയും ക്ലാസ് റൂമിൽ അവ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

- ക്ലാസിൽ അധ്യാപകരില്ലാത്ത ഇല്ലാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിൽ വിദ്യാർത്ഥികൾ തന്നെ സ്വയം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന തരത്തിൽ പ്രവർത്തനങ്ങൾ ക്ലാസ് റൂമിൽ തന്നെ സജ്ജീകരിക്കുന്നു.പ്രസ്തുത സമയങ്ങളിൽ അച്ചടക്കത്തിന് നിർദ്ദേശിച്ച ഗ്രൂപ്പ് ക്ലാസ് റൂം നിയന്ത്രിക്കുന്ന സ്ഥിതി ഉണ്ടാകുന്നു.
- അനാവശ്യമായി പണം സ്കൂളിൽ കൊണ്ടുവരുന്നത് കർശനമായി നിരോധിക്കുന്നു.
- സ്കൂൾ കോമ്പൗണ്ടിന് ഉള്ളിൽ കയറിയാൽ അധ്യാപകരുടെ അനുവാദം കൂടാതെ കോമ്പൗണ്ടിന് പുറത്തിറങ്ങുന്നത് കർശനമായി നിയന്ത്രിക്കുന്നു
- ദേശീയ ഗാനം, പ്രാർത്ഥന എന്നിവ നന്നായി പാടാൻ കഴിയുന്ന കുട്ടികളെ തിരഞ്ഞെടുത്ത് പരിശീലനം നൽകുന്നു.രാവിലെയും വൈകുന്നേരവും പ്രസ്തുത കുട്ടികൾ മാത്രം ആലപിക്കുന്നു

| | |
|---|---|
| പ്രാർത്ഥന ചുമതല | : ഉഷസ്സ് ടീച്ചർ ,മീര ടീച്ചർ ,നസൈബ ടീച്ചർ |
| ദേശീയ ഗാനം | : ഷാജു മാസ്റ്റർ |
| അച്ചടക്കം | :നസൈബ ടീച്ചർ ,ജിബിൻ |

## ക്ലാസ് റൂം അലങ്കാരം

മികച്ചപഠനാന്തരീക്ഷം ക്ലാസ് റൂമിൽ ഒരുക്കേണ്ടതുണ്ട്. സ്കൂൾ വിസിറ്റിന് വന്ന സന്ദർഭത്തിൽ "ക്ലാസ് റൂം ഒരു നെഗറ്റീവ് എനർജി ഉളവാക്കുന്നു"എന്ന് എ ഇ.ഒ അഭിപ്രായപ്പെടുകയുണ്ടായി.അത് പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ ഈ പ്രാവശ്യം നമ്മൾ നേരത്തെ നടത്തേണ്ടതുണ്ട്.സ്കൂൾ തുറന്നുവരുന്ന അന്നുമുതൽ കുട്ടികൾക്ക് പുതിയ ക്ലാസ് അന്തരീക്ഷം നാം ഒരുക്കേണ്ടതാണ്.

- ക്ലാസ് റൂം പെയിൻറ് അടിച്ച് വൃത്തിയാക്കണം -

-മുൻസിപ്പാലിറ്റി ഫണ്ട് ഉണ്ട് എന്ന് അറിയിക്കുകയുണ്ടായി.മെയ് മാസത്തിൽ തന്നെ പെയിൻറിംഗ് പൂർത്തിയാക്കേണ്ടതുണ്ട്.

മോണിറ്ററിംഗ് : പി.ടിഎ

- ഓരോ ക്ലാസിലേക്കും ആവശ്യമായ ട്യൂബ് ലൈറ്റുകൾ, വൈറ്റ് ബോർഡുകൾ, ഫാൻ റിപ്പയറിങ് , (നിലവിൽ മൂന്ന് ഫാനുകൾ വർക്ക് ചെയ്യുന്നില്ല), നോട്ടിസ് ബോർഡ് എന്നിവ ലഭ്യമാകണം

- ജനറൽ റിപ്പയറിങ് നടത്തണം (നാലു ക്ലാസുകളിൽ - 2A,3A,3B,1A )
- ക്ലാസ്സ് റൂം ലൈബ്രറി,സാൻഡ് ട്രേ ,ക്ലാസ് റൂമിന് ആവശ്യമായ ശുചി ഉപകരണങ്ങൾ (ചൂല്,അടിച്ചു കൂട്ടി വാരി ,വേസ്റ്റ് ബിൻ )ലഭ്യമാക്കേണ്ടതുണ്ട്
- ഓരോ ക്ലാസിനും ഓരോ ക്ലോക്ക്
- കുട്ടികളെ വരവേൽക്കാൻ സ്മൈലി സ്റ്റിക്കറുകൾ,
- സന്തോഷക്കണ്ണാടി -എന്നിവ ലഭ്യമാക്കേണ്ടതുണ്ട്.
- വിവിധ ക്ലബ്ബുകളിൽ അംഗങ്ങളായ കുട്ടികളുടെ പേര് എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.
- ബർത്ത് ഡേ ചാർട്ട് പ്രദർശിപ്പിക്കുക
- അച്ചടക്കം - ഗ്രൂപ്പ് തിരിച്ച -ചാർട്ട്എന്നിവ ഒരുക്കേണ്ടതുണ്ട്

പ്രതീക്ഷിത ചെലവ്:

ഇരുപതിനായിരം രൂപ (സാമ്പത്തികം പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും ശേഖരിക്കാൻ കഴിയുമോ ? )

ചുമതല:ക്ലാസ് അധ്യാപകർ

## ശുചിത്വം

കുട്ടികളുടെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും വിദ്യാഭ്യാസ നിർണ്ണായകമായ ഘടകങ്ങളാണ്. ഇവ രണ്ടും ഉറപ്പുവരുത്താൻ ചില ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്നു

- കുട്ടികളുടെയും ക്ലാസ് മുറിയുടെയും ശുചിത്വം പരിശോധിക്കാൻ മോണിറ്ററിംഗ് സംവിധാനം ഒരുക്കുന്നു
- ശുചിത്വ സേന രൂപീകരിക്കുന്നു
- ജൂൺ മാസത്തിൽ ശുചിത്വ ക്ലാസ് നൽകുന്നു
- അഞ്ചു പോയിൻ്റ് അടിസ്ഥാനമാക്കി ഓരോ കുട്ടിക്കും ശുചിത്വത്തിന് സ്കോർ നൽകുന്നു
- ഒരോ കുട്ടിക്കും കിട്ടിയ സ്കോർ അടിസ്ഥാനത്തിൽ ക്ലാസിനെ പച്ച ,മഞ്ഞ, ചുവപ്പ് എന്നീ കാറ്റഗറുകളിൽ ഉൾപ്പെടുത്തുന്നു.
- പൊതുവായി അസംബ്ലിയിലോ ശുചിത്വ മീറ്ററിലോ ഇത് അടയാളപ്പെടുത്തുന്നു.

ചുമതല: ഖദീജ ടീച്ചർ ,കവിത ടീച്ചർ

## സി പി ടി എ

കുട്ടികളുടെ പഠന പുരോഗതിക്ക് സി.പി.ടി.എ വഹിക്കുന്ന പങ്ക് ചെറുതല്ല. രക്ഷിതാക്കൾക്ക് കൃത്യമായ അവബോധം ഉണ്ടാക്കിയാൽ മാത്രമേ കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കൾക്ക് സഹായിക്കാൻ കഴിയുകയുള്ളൂ.രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തി കൊണ്ടുള്ള പ്രവർത്തനാധിഷ്ഠിതമായ സി പി ടി എ ആണ് ലക്ഷ്യം വയ്ക്കുന്നത്.

- എല്ലാ മാസവും സി പി ടി എ ചേരുക.
- ഓരോ മീറ്റിങ്ങിന്റെയും അവസാനം അടുത്ത മാസത്തിൽ ചേരുന്ന തീയതി തീരുമാനിക്കുന്നു.
- കുട്ടികളുടെ പഠന പുരോഗതി സി പി ടി എയിൽ പ്രദർശിപ്പിക്കുന്നു.
- സി.പി.ടി .എ -എന്തിന്? എന്ന് രക്ഷിതാക്കളെ ബോധവൽക്കരിക്കുന്നു
- പ്രവർത്തനാധിഷ്ഠിതമായ സി പി.ടി എ
- കുട്ടികളെ ഗുണാത്മകമായി വിലയിരുത്തി സംസാരിക്കുന്നു
- ഫെയ്സ് ടു ഫേസ് സി പി.ടി എ നടപ്പിലാക്കുന്നു.
- രക്ഷിതാക്കളുടെ ഹാജർ പ്രദർശിപ്പിക്കുന്നു
- സി.പി ടി എയിൽ വരുന്ന രക്ഷിതാക്കൾക്ക് റിഫ്രഷ്മെൻറ് നൽകുന്നു

പ്രതീക്ഷിത ചെലവ്:1800 രൂപ

ചുമതല:ക്ലാസ് അധ്യാപകർ

## ക്ലബ്ബ് പ്രവർത്തനം

കുട്ടികളിൽ മൂല്യങ്ങൾ മനോഭാവങ്ങൾ എന്നിവ വളർത്താനും മൾട്ടിപ്പിൾ ഇൻറലിജൻസിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താനും ഉതകുന്നതാകണം ക്ലബ്ബ് പ്രവർത്തനങ്ങൾ .

- ജൂൺ രണ്ടാം വാരത്തിനുള്ളിൽ മുഴുവൻ ക്ലബ്ബുകളും രൂപീകരിക്കുന്നു.
- ഓരോ ക്ലബ്ബുകളുടെയും ഒരു വർഷത്തെ പ്രവർത്തന കലണ്ടർ രൂപീകരിക്കുന്നു
- ദിനാചരണങ്ങൾ ക്ലബ്ബ് പ്രവർത്തിനത്തിൽ ഏറ്റെടുത്തു നടത്തുന്നു.
- ദിനാചരണങ്ങൾ ക്ലാസ് റൂം പ്രക്രിയയുമായി ബന്ധിപ്പിക്കുന്നു.
- വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം - ജൂലൈ ആദ്യവാരം നടത്തുന്നു.
- ഒരു ക്ലബ്ബിന് രണ്ട് അധ്യാപകർ വീതം -കോഡിനേറ്റർ ഡെപ്യൂട്ടി കോഡിനേറ്റർ - എന്ന രീതിയിൽ ചുമതല നൽകുന്നു.
- ഓരോ ക്ലബ്ബിലെയും അംഗങ്ങളുടെ പേര് ക്ലാസ് മുറികളിലും സ്കൂളിലും പൊതുവായി പ്രദർശിക്കുന്നു.
- ഓരോ കുട്ടിയേയും ഓരോ ക്ലബ്ബിന്റെയെങ്കിലും ഭാഗമാക്കുന്നു
- ക്ലബ്ബുകളുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുന്നു.

| ക്രമ നമ്പർ | ക്ലബ് | കോർഡിനേറ്റർ | ഡെ.കോർഡിനേറ്റർ |
|---|---|---|---|
| 1 | English club | മീര ടീച്ചർ | ഷാജു മാസ്റ്റർ |
| 2 | ആരോഗ്യ ശുചിത്വ ക്ലബ് | ഖദീജ ടീച്ചർ | കവിത ടീച്ചർ |
| 3 | പ്രവൃത്തി പരിചയ ക്ലബ് | ബിന്ദു ടീച്ചർ | അറബിക് |
| 4 | ഗണിത ക്ലബ് | ഷാജു മാസ്റ്റർ | എച്ച് ടി വി |
| 5 | അറബിക് ക്ലബ് | നസൈബ ടീച്ചർ | അറബിക് |
| 6 | ശാസ്ത്ര ക്ലബ് | കവിത ടീച്ചർ | ഉഷസ്സ് ടീച്ചർ |
| 7 | വിദ്യാരംഗം കലാ സാഹിത്യ വേദി | ഉഷസ്സ് ടീച്ചർ | ജിബിൻ |
| 8 | പരിസ്ഥിതി കാർഷിക ക്ലബ് | നസൈബ ടീച്ചർ | എച്ച് ടി വി |
| 9 | ഐ ടി ക്ലബ് | ജിബിൻ | ഖദീജ ടീച്ചർ |
| 10 | സോഷ്യൽ സയൻസ് ക്ലബ് | മഹിജ ടീച്ചർ | മീര ടീച്ചർ |

പ്രതീക്ഷിത ചെലവ്

സമ്മാനങ്ങൾക്ക് : 3000 രൂപ

## ക്വിസ്സുകൾ /എൽ എസ് എസ് മറ്റു മത്സര പരീക്ഷകൾ

- സമ്മർ ക്വിസ് ജൂൺ രണ്ടാം വാരം നടത്തുന്നു.രക്ഷിതാവും കുട്ടിയും അടങ്ങുന്ന ഒരു ടീമായാണ് സ്കൂൾ തല മത്സരം .
- ക്വിസ് മത്സരത്തിന് കുട്ടികളെ തയ്യാറാക്കുന്നതിനായി പ്രത്യേകം whatsapp ഗ്രൂപ്പ് രൂപീകരിക്കുന്നു.
- ആഴ്ച ക്വിസ് , മാസ ക്വിസ് ,മെഗാ ക്വിസ് എന്നിവ സംഘടിപ്പിക്കുന്നു.
- ക്വിസുകൾ എൽ.എസ് എസ് മറ്റു പരീക്ഷകൾ എന്നിവയ്ക്ക് ആവശ്യമായ ചോദ്യബാങ്ക് സ്കൂളിൽ തയ്യാറാക്കുന്നു.

ചുമതല :

ക്വിസ്സ് : ഖദീജ ടീച്ചർ

എൽ.എസ് എസ് : ഷാജു മാസ്റ്റർ

## തനതു പ്രവർത്തനങ്ങൾ

കഴിഞ്ഞ അധ്യയന വർഷം തനത് പ്രവർത്തനങ്ങൾ കൊണ്ട് സമ്പന്നമായിരുന്നു.
വിജയം നേടിയ തനത് പ്രവർത്തനങ്ങൾ ഈ പ്രാവശ്യവും തുടരുവാനായി തീരുമാനിച്ചിട്ടുണ്ട്.

- ഈ അക്കാദമിക വർഷം ഇംഗ്ലീഷ് ഭാഷയ്ക്ക് ഊന്നൽ നൽകുന്ന തനത് പ്രവർത്തനം സ്കൂൾ ഏറ്റെടുത്ത് നടത്തും.

ചുമതല: ഉഷ ടീച്ചർ ,മഹിജ ടീച്ചർ ,കവിത ടീച്ചർ ,മീര ടീച്ചർ ,ഷാജു മാസ്റ്റർ

- **എന്റെ മലയാളം എല്ലാവർക്കും**

  പ്രവർത്തന പദ്ധതി ഈ വർഷവും അതിൻറെ രണ്ടാംഘട്ടം എന്ന രീതിയിൽ നടപ്പിലാക്കും.
- ഗണിത വിജയം പ്രവർത്തനങ്ങൾ സ്കൂളിൽ നടപ്പിലാക്കും

## ക്യാമ്പുകൾ

- ഭിന്ന നിലവാരക്കാരെ പരിഗണിച്ചുകൊണ്ട് പ്രവർത്തനാധിഷ്ഠിതമായ ക്ലാസുകൾ ക്യാമ്പുകൾ ആയി സംഘടിപ്പിക്കും.
- ബാലസഭകൾ വെള്ളി അവസാന പിരീഡ് നടത്തും
- സ്കൂൾ സഭ മാസത്തെ അവസാനത്തെ വെള്ളി ആഴ്ച സംഘടിപ്പിക്കും

## ടാലൻറ് ലാബ് പ്രവർത്തനങ്ങൾ

വിദ്യാർത്ഥികളിലെ സർവ്വതോത്മകമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുകയും പരിശീലനം നൽകുകയും വേണംഅതിനായി താലെന്റ്റ് ലാബുകൾ രൂപീകരിക്കണം

- ചെസ്സ് , കരാട്ടേ,ചിത്രരചന, കൈയ്യെഴുത്ത് പരിശീലനം,തുടങ്ങിയവ പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് നടത്തുന്നു

## ➢ ആദ്യ അഞ്ച് മിനുട്ട്

➢ കഥകൾ, ക്വിസ്, കളികൾ, റോള്പ്ലേ, സംവാദം തുടങ്ങിയവയിലൂടെ പഠനം അതിസാധാരണവും ആനന്ദകരവുമാക്കുന്നു.

## കളിരീതി

➢ പഠനത്തിന് ഉത്സാഹം വർധിപ്പിക്കുന്നു. കളിയുപകരണങ്ങൾ ഉറപ്പ് വരുത്തുന്ന .

പ്രതീക്ഷിത ചെലവ് **: 3000 രൂപ ( പ്രാദേശിക ക്ലബുകൾ )**

## ജൈവകം (സ്കൂൾ പച്ചക്കറി തോട്ടം)

സ്കൂൾ ആകർഷണമാക്കുക. കൃഷി പ്രോൽസാഹിപ്പിക്കുക, കുട്ടികൾക്ക് മാനസിക ഉൻമ്മഷം നൽകുക,വിഷ രഹിത പച്ചക്കറികൾ, പ്ലാസ്റ്റിക് രഹിത വിദ്യാലയം എന്നീ ലക്ഷ്യം കൈകവരിക്കുക

പൂന്തോട്ടം, പച്ചക്കറിത്തോട്ടം,ഔഷധോദ്യാനം എന്നിവ ഒരുക്കുന്നു.കൃഷിയുടെ ഘട്ടങ്ങൾ പരിചയപ്പെടുന്നു.

ചുമതല

പരിസ്ഥിതി കാർഷിക ക്ലബ്ബ് , സന്നദ്ധ സംഘടനകൾ സംഘടനകൾ

## ലിറ്റിൽ സൈന്റിസ്റ്റ്

ശാസ്ത്ര-ഗണിത ശാസ്ത്ര സമൂഹ്യശാസ്ത്ര ആശയങ്ങളും വസ്തുതകളും കണ്ടും സ്വയം ചെയ്യും പഠിക്കാൻ.

ആഴ്ചയിൽ ഓരോ പരീക്ഷണം വീതം അവതരിപ്പിക്കുന്നു പരീക്ഷണ സാമഗ്രികൾ ശേഖരിച്ചുവയ്ക്കുന്നു. പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു.ശാസ്ത്രീയ വശം ചർച്ച ചെയ്യുന്നു.പരീക്ഷണ മൂല തയ്യാറാക്കുന്നു. പഠനോത്സവത്തിൽ ഉപകരണം ഉപയോഗിച്ച് മുഴുവൻ കുട്ടികളും പരീക്ഷണങ്ങൾ പ്രദർശിപ്പിക്കുന്നു

ചുമതല
ശാസ്ത്ര ക്ലബ്ബ്

## കലാ മ്യൂസിയം

**ലക്ഷ്യങ്ങൾ**

- കേരളീയ കലകൾ പരിചയപ്പെടുന്നതിന്
- കേരളീയ കലകളെ കുറിച്ചുള്ള ധാരണ ഉണ്ടാക്കുന്നതിന്

കേരളീയ കലാരൂപങ്ങളുടെ ചിത്രങ്ങൾ വിവരണങ്ങൾ വാദ്യോപകരണങ്ങൾ ഈ അടങ്ങിയ കലാം മ്യൂസിയം സ്കൂളിൽ സജ്ജീകരിക്കുന്നു.കലാരൂപങ്ങളുടെ പാനലുകൾ തയ്യാറാക്കുന്നു.
ക്ഷേത്ര കലകൾ, നാടോടി കലകൾ ,അനുഷ്ഠാനകലകൾ എന്നിങ്ങനെ തരംതിരിച്ച് വെക്കുന്നു.
കഥകളിക്കും ഓട്ടം തുള്ളലിനും കൂടുതൽ പ്രാധാന്യം നൽകുന്നു..

ചുമതല
വിദ്യാരംഗം കലാസാഹിത്യവേദി

## എൻറെ പുസ്തകം

സ്വന്തം രചനകൾ പുസ്തകമായി ഇറക്കുന്നു
സാഹിത്യാഭിരുചി വളർത്തുന്നതിന്.

ക്ലാസ് റൂം പ്രവർത്തനങ്ങളുടെയും മറ്റു സാഹിത്യ ശില്പശാലകളുടെയും ഭാഗമായി തയ്യാറാക്കിയ രചനകൾ ഉൾപ്പെടുത്തി ഓരോ കുട്ടിയും ഓരോ പുസ്തകം ഇറക്കുന്നു.

ചുമതല
വിദ്യാരംഗം കലാസാഹിത്യവേദി

## അങ്ങാടി 24.9 എഫ് എം (പബ്ലിക് അഡ്രസ് സിസ്റ്റം)

നല്ല വായനയും ആലാപനം കേൾപ്പിക്കാൻ കുട്ടികൾക്ക് വാർത്ത ഉൾപ്പെടെയുള്ള അവതരിപ്പിക്കാൻ, അറിയിപ്പുകൾ നൽകാൻ

ചുമതല
ഷാജു മാസ്റ്റർ

## ഷൈജൽ സ്മാരക ലൈബ്രറി, (ലൈബ്രറി ആൻഡ് റീഡിങ് )

വായന പ്രോത്സാഹിപ്പിക്കുക ശാസ്ത്രീയമായി വായന ചിട്ടപ്പെടുത്തുക. അറിവ് നിർമ്മാണ പ്രക്രിയയിൽ കുട്ടികളെ രക്ഷിതാക്കളെ പങ്കാളികളാക്കുക.

ചുമതല
സ്ഥാപനങ്ങൾ സംഘടനകൾ മുൻസിപ്പാ

**സംക്ഷേപം**

സന്തോഷ വിദ്യാലയം എന്ന ആശയം ഒരു സ്വപ്നമല്ല. ഓരോ വിദ്യാർത്ഥിയുടെയും മനസ്സിൽ സന്തോഷം നിറച്ചുകൊണ്ട് പഠനത്തിൽ താല്പര്യം വരുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കുട്ടികൾ പഠനം ഇഷ്ടപ്പെടണം, ക്ലാസ്റൂമുകൾ ശിക്ഷ നൽകുന്ന കേന്ദ്രമല്ല , പ്രകാശമുള്ള, ബഹുമാനമുള്ള ഇടങ്ങളാകണം. അത്തരം ഒരു ആശയമാണ് സന്തോഷ വിദ്യാലയം.കുട്ടികളുടെ ,രക്ഷിതാക്കളുടെ ,അദ്ധ്യാപകരുടെ കൂട്ടായ ശ്രമത്തിലൂടെ സന്തോഷ വിദ്യാലയം നമുക്ക് പടുത്തുയർത്താം..........